## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5994 — 08.07.2013 ൽ മറുപടിക്ക്

## കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഊർജ്ജ പദ്ധതി

| | ചോദ്യം<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ.ജോസഫ് വാഴക്കൻ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|
| എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കുടുബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന ഊർജ്ജ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | ബി)ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയേയും സാധ്യതകളേയും സംബന്ധിച്ച ആശയപ്രചാരണം, ഊർജ്ജ സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ ബോധവല്ക്കരിക്കൽ, ഹരിത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടേയും പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടേയും വിപണനം, വിൽപ്പനാനന്തര സേവനം, വിപണന-സേവന രംഗങ്ങളിലെ ഉപജീവന മാർഗ്ഗ വികസനം എന്നീ മൂന്ന് പ്രധാന ലക്ഷ്യങ്ങളോടെയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം രണ്ടായിരത്തിലധികം കുടുബശ്രീ വനിതാ സംരംഭകർക്ക് നേരിട്ട് സ്വയം തൊഴിൽ നല്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഈപദ്ധതിക്കായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ട് ; | സി)ഈപദ്ധതി പ്രകാരം കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകളായാണ് ഊർജ്ജശ്രീ യൂണിറ്റുകൾ തുടങ്ങുന്നത്. അതിൽ നിന്നും കിട്ടുന്ന ലാഭം കൊണ്ട് യൂണിറ്റുകൾ പ്രവർത്തിക്കാം എന്ന് ഉദ്ദേശിക്കുന്നു. |
| ഡി) | പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | ഡി) തിരുവനന്തപുരം, പാലക്കാട്, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലുള്ള ഊർജ്ജശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് യൂണിറ്റ് തുടങ്ങുന്നതിനായി സോളാർ ലാമ്പ്, ബയോഗ്യാസം പ്ലാന്റ് എന്നിവയുടെ പ്രവർത്തനത്തെപ്പറ്റിയും പരിപാലനത്തെപ്പറ്റിയും പാലക്കാട് വച്ച് ഐഐറ്റി ബോംബെയുടെ സഹകരണത്തോടു കൂടി മൂന്നുദിവസത്തെ പരിശീലനം ജൂൺ 27, 28, 29 ന് നടന്നു. കൂടാതെ 6, 7, 8 തീയതികളിൽ മേല്പറഞ്ഞ യൂണിറ്റുകൾക്ക് വീണ്ടും ബോംബെ ഐഐറ്റിയുടെ കീഴിൽ സോളാർ ലാമ്പിന്റെ കൂട്ടിയോജിപ്പിക്കലും പരിപാലനത്തിന്റെയും അറ്റകുറ്റപ്പണികളുടെയും ശില്പശാല നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ